# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - വർക്കല നിയോജകമണ്ഡലം - സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ഗ്രന്ഥശാലകൾക്ക് തുകയനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ.(സാ.ധാ) നം. 5273/2017/ധന    തീയതി, തിരുവനന്തപുരം, 01.07.2017

---

സൂചന: 1. സ.ഉ.(പി) നം. 247/2004/ധന. തീയതി 27.05.2004.

2. അഡ്വ.വി.ജോയി, എം.എൽ.എ. ബഹു. ധനകാര്യ വകുപ്പ മന്ത്രിക്ക് 30.05.2017 ന് നൽകിയ കത്ത്.

**ഉത്തരവ്**

ഗ്രാമ പ്രദേശങ്ങളിലെ കലാകായിക സാംസ്കാരിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള വർക്കല നിയോജകമണ്ഡലത്തിലെ ഗ്രന്ഥശാലകൾക്ക് ആവശ്യമായ ഫർണിച്ചറും ടെലിവിഷനും വാങ്ങുന്നതിനായി എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് അഡ്വ.വി.ജോയി എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്കല നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ഗ്രന്ഥശാലകൾക്ക് ആവശ്യമായ ഫർണിച്ചറും ടെലിവിഷനും വാങ്ങുന്നതിനായി അഡ്വ.വി.ജോയി എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ സൂചന (1) ലെ ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ,ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. അഡ്വ.വി.ജോയി,എം.എൽ.എ., സദാവനം, എസ്.എൻ.മിഷൻ ആശുപത്രിക്ക് സമീപം, പുത്തൻചന്ത, വർക്കല .പി.ഒ.
4. ജില്ലാ കളക്ടർ, തിരുവനന്തപുരം
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Slatheeb

സെക്ഷൻ ഓഫീസർ